സബ്മിഷൻ

മി. സ്പീക്കർ: സബ്മിഷൻ ഉന്നയിക്കുന്ന അംഗങ്ങൾ വളരെ ചുരുക്കി അവതരിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാരും വളരെ ചുരുക്കി മറുപടി പറയണം.

1. മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. സി. സി. മുകുന്ദൻ: സർ, തൃശ്ശൂർ ജില്ലയിലെ കോൾ പാടങ്ങളെ ഉപ്പുവെള്ള ഭീഷണിയിൽനിന്ന് സംരക്ഷിക്കുന്നതിനും കരുവന്നൂർ പുഴയിൽനിന്ന് ഉപ്പുവെള്ളം കയറാതെയിരിക്കുന്നതിനും കരുവന്നൂർ പുഴയ്ക്ക് കുറുകെ കുടിവെള്ള വിതരണത്തിന് ഉതകുന്ന വലിയ പദ്ധതിയാണ് 82 മീറ്റർ നീളത്തിൽ വിഭാവനം ചെയ്തിരിക്കുന്ന മുനയം-റെഗുലേറ്റർ-കം ബ്രിഡ്ജ്. നബാഡ് - XXI സ്കീമിൽ ഉൾപ്പെടുത്തി 24 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രധാന പ്രവൃത്തി അനുസരിച്ച് സ്വന്തമായി നദിയുടെ സംരക്ഷണ ഭിത്തിയും അപ്രോച്ച് റോഡിന്റെ പാർശ്വഭിത്തിയും കൾവർട്ടിന്റെ ഡിസൈനും തയ്യാറാക്കുന്നതിന് ആവശ്യമായ അപേക്ഷയും ഡിസൈൻ ചെയ്യുന്നതിനാവശ്യമായ ഡാറ്റയും നൽകുന്നതിന് വർഷങ്ങളായിട്ടും ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് (പദ്ധതി വിഭാഗം) സാധിച്ചിട്ടില്ല. അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനുള്ള ഒന്നരക്കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടില്ല. ഓരോ വർഷവും അതിന്റെ

താൽക്കാലിക ബണ്ട് നിർമ്മാണത്തിനായി ലക്ഷക്കണക്കിന് രൂപയാണ് സർക്കാരിന് നഷ്ടം സംഭവിക്കുന്നത്. ഓരോ വർഷവും നൂറ് കണക്കിന് ലോഡ് ചുവന്ന മണ്ണ് താൽക്കാലിക ബണ്ട് നിർമ്മിക്കുന്നതിന് ആവശ്യമായി വരും. പലപ്പോഴും ഈ പ്രവൃത്തി സമയബന്ധിതമായി തീരുന്നില്ല. മഴക്കാലത്തിന് മുമ്പ് ബണ്ട് പൊട്ടിച്ചില്ലെങ്കിൽ വെള്ളപ്പൊക്കമുണ്ടാകും. സർക്കാരിന്റെ ഈ അഭിമാന പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് ചില ഉദ്യോഗസ്ഥൻമാരുടെ കൃത്യവിലോപമാണ്. ഡിസൈനും അതുപോലെ അപ്രോച്ച് റോഡിനും ഭരണാനുമതി നൽകി ഈ പദ്ധതി അടിയന്തരമായി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അങ്ങയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, കരുവന്നൂർ പുഴക്ക് കുറുകെ തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തേയും ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തേയും ബന്ധിപ്പിച്ചാണ് 80 മീറ്റർ നീളത്തിൽ മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നത്. ഈ പ്രവൃത്തിക്കായി നബാഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി 03.01.2018-ലെ സർക്കാർ ഉത്തരവ് പ്രകാരം 24 കോടി രൂപയ്ക്ക് ഭരണാനുമതിയും 22.593 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി.

സിവിൽ പ്രവൃത്തിക്കായി 14.04 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സിവിൽ പ്രവൃത്തികൾ 22-02-2020-ൽ കരാറിൽ ഏർപ്പെടുകയും 28-02-2020-ൽ 18 മാസത്തെ പൂർത്തീകരണ കാലാവധിയോടുകൂടി പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തു. മെക്കാനിക്കൽ പ്രവൃത്തികൾക്കായി 28-02-2020-ന് മെക്കാനിക്കൽ കരാറുകാരന് പ്രവൃത്തി സ്ഥലം കൈമാറി. എന്നാൽ കോവിഡ്-19 മഹാമാരിയോടനുബന്ധിച്ചുള്ള ലോക്ക്ഡൗൺ കാരണം ലക്ഷ്യമിട്ട രീതിയിൽ പ്രവൃത്തികളിൽ നിർമ്മാണം നടത്താൻ കഴിഞ്ഞില്ല. പ്രസ്തുത പ്രവൃത്തികൾക്കായി റോഡിനുവേണ്ടി 0.2243 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. തുടർന്ന് ലാന്റ് പ്ലാൻ തയ്യാറാക്കുകയും 16-10-2020-ന് തൃശ്ശൂർ ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന യോഗത്തിൽ സ്ഥലം കൈമാറാൻ സമ്മതപത്രം നല്കിയ വസ്തുഉടമകളിലെ ഒരാൾ തന്റെ ബാക്കിയുള്ള വസ്തുവിലേയ്ക്ക് ആർ.സി.ബി. നിർമ്മാണംമൂലം പ്രവേശനം ഇല്ലാതാകുമെന്ന കാരണത്താൽ ആ സ്ഥലം കൂടി ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 29-01-2021-ന് പുതിയ ലാന്റ് പ്ലാൻ തയ്യാറാക്കുന്നതിന് സർവ്വെ നടത്തിയിരുന്നു. പുതുക്കിയ സ്ഥലമെടുപ്പിനായി ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-II) സമർപ്പിച്ച ശിപാർശ 01-06-2021-ൽ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സ്ഥലമെടുപ്പിനായുള്ള വിജ്ഞാപനത്തിന് ശേഷം സാമൂഹിക ആഘാതപഠനത്തിനായി കളമശ്ശേരി കോളേജ് ഓഫ് സയൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലാന്റ് ഫണ്ട് പ്ലാൻ തയ്യാറാക്കുന്നതിൽ ഭൂമി കൂടുതലായി ഉൾപ്പെട്ടിട്ടുണ്ടെങ്കിലും നിലവിലുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തിന് ശേഷമുണ്ടായ ജലനിരപ്പ് കണക്കാക്കി അധികമായി ഒഴുകി വരുന്ന ജലംകൂടി കടത്തി വിടാനായി തയ്യാറാക്കിയ 3.95 മീറ്റർ പാതയോടുകൂടിയ റെഗുലേറ്റർ- കം-ബ്രിഡ്ജിന്റെ പുതിയ ഡിസൈനിന് 2020 നവംബർ മാസത്തിൽ ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) അംഗീകാരം നൽകിയിട്ടുണ്ട്. പ്രധാന പ്രവൃത്തിക്കനുബന്ധമായുള്ള നദിയുടെ സംരക്ഷണഭിത്തി നിർമ്മാണത്തിന്റെയും അപ്രോച്ച് റോഡിന്റെയും പാർശ്വഭിത്തിയുടെയും ഡിസൈൻ തയ്യാറാക്കി വരുന്നു. ആയവ ലഭ്യമാകുന്ന മുറയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള അംഗീകാരം നൽകി 2021 ഒക്ടോബർ മാസം മുതൽ പ്രവൃത്തി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

2. ശമ്പള പരിഷ്കരണം

ശ്രീ. എം. രാജഗോപാൽ : സർ, മലബാർ ദേവസ്വം ബോഡിന് കീഴിലെ ക്ഷേത്ര ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക വിതരണം ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് എന്റെ

സബ്മിഷൻ. ആചാരസ്ഥാനികളുടെയും കോലധാരികളുടെയുമെല്ലാം ധനസഹായം വർദ്ധിപ്പിച്ച സർക്കാരാണിത്. പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് 2019 ജനുവരി മുതൽ മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്ക്കരണം പ്രഖ്യാപിച്ചിട്ടുള്ളത്. മലബാർ ദേവസ്വം ബോഡിനുകീഴിൽ 7000-ത്തോളം ജീവനക്കാരിൽ സർക്കാർ സഹായത്തോടെ ശമ്പളം നൽകുന്നത് 75% പേർക്കാണ്. 25% ജീവനക്കാർക്ക് ക്ഷേത്രങ്ങളുടെ വരുമാനത്തിൽനിന്നുമാണ് ശമ്പളം നൽകിവരുന്നത്. സമൂഹത്തിൽ ഏറെ അവഗണിക്കപ്പെടുന്നവരും എന്നാൽ ഈ സ്രക്കാരിൽ ഏറെ പ്രതീക്ഷയുള്ളവരുമാണ് ഈ വിഭാഗം. ജീവിതം തന്നെ ആചാരാനുഷ്ഠാനങ്ങൾക്കും ക്ഷേത്ര സംരക്ഷണത്തിനും വേണ്ടി മാറ്റിവച്ചവരാണിവർ. ഇപ്പോൾ കോവിഡ് കാലത്തെ പ്രതിസന്ധികൂടി വന്നതോടെ ഇവരുടെ ജീവിതക്ലേശം വർദ്ധിച്ചിരിക്കുകയാണ്. ആയതിനാൽ പുതിയ ശമ്പളം ക്ഷേത്രജീവനക്കാർക്ക് നല്കാനും കോവിഡ് കാലത്തെ പ്രതിസന്ധി പരിഹരിക്കാനും വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം 12-02-2021-ലെ

G.O.(Ms)No.57/2021/RD പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഫിക്സേഷൻ റൂൾ, ഡി.എ. എന്നിവയിൽ കൂടുതൽ വ്യക്തത വരുത്തി നൽകണമെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. എത്രയും പെട്ടെന്ന് മറുപടി ലഭിക്കുമെന്നാണ് കരുതുന്നത്. മറുപടി ലഭിച്ചാലുടൻതന്നെ മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം സമയബന്ധിതമായി നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രമിക്കുമെന്ന് അറിയിക്കുന്നു.

3. <u>റോഡുകളുടെ പുനർ നിർമ്മാണം</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഇത്തരമൊരു സബ്മിഷൻ അവതരിപ്പിക്കേണ്ടി വന്നതിൽ എനിക്ക് വിഷമമുണ്ട്. ഇവിടെ നല്ല പ്രകടനം കാഴ്ചവച്ചുകൊണ്ടിരിക്കുന്ന പൊതുമരാമത്ത് വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ വീഴ്ചയാണ് ഇതിലേയ്ക്ക് നയിച്ചത്. വണ്ടാഴി പഞ്ചായത്തിലെ മംഗലം ഡാം-വീട്ടിക്കൽ കടവ് റോഡും കിഴക്കഞ്ചേരി പഞ്ചായത്തിലെ മമ്പാട്-പൂവത്തിങ്കലട്ടി റോഡും തകർന്നിട്ട് മൂന്ന് വർഷമായി. നൂറുകണക്കിന് വീടുകൾ, നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ഇവയെല്ലാമുള്ള ഒരു പ്രധാനപ്പെട്ട റോഡാണ്. 2017-18-ൽ അത് അർജന്റ് പാച്ച് വർക്കുകളിൽ

ഉൾപ്പെടുത്തി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 2019-ലാണ് ടെണ്ടർ നടപടിയിലേയ്ക്ക് വന്നത്. 2021 സാമ്പത്തിക വർഷത്തിൽ അത് ഏഴുതവണ ടെണ്ടർ ചെയ്തു. എന്നാൽ ആരും അത് ഏറ്റെടുക്കുന്നില്ല. അവസാനം ഏറ്റെടുത്ത ടെണ്ടറുകാരൻ 10 ലക്ഷം രൂപ ഡിപ്പാർട്ടുമെന്റിന് അങ്ങോട്ട് കൊടുക്കാമെന്നും തന്നെ ഈ ടെണ്ടറിൽ നിന്ന് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടു. അത്രയധികം ഗുരുതരമായ പിശകാണ് എസ്റ്റിമേറ്റിൽ സംഭവിച്ചത്. അത് പരിഹരിക്കാൻ ഇതുവരെ ശ്രമിച്ചിട്ടില്ല. നിരവധി തവണ ഞാൻ ആവശ്യപ്പെട്ടതാണ് ആ വർക്ക് ഒഴിവാക്കി പുതിയ വർക്ക് ചെയ്യണമെന്നുള്ളത്. റോഡുകൾ തകർന്നുതരിപ്പണമായി. അതുകൊണ്ട് റോഡ് പുനർനിർമ്മിക്കുന്നതിന് എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ആലത്തൂർ മണ്ഡലത്തിലെ രണ്ട് റോഡുകളാണ് മമ്പാട്-പൂവത്തിങ്കലട്ടി റോഡും മംഗലം ഡാം-വീട്ടിക്കൽ കടവ് റോഡും. ഇതിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 12 ലക്ഷം രൂപ വകയിരുത്തി പാലക്കാട് നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 19.02.2019-ൽ സാങ്കേതികാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി

2020 ആഗസ്റ്റ് 21 വരെ ഏഴുതവണ ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും തന്നെ ക്വാട്ട് ചെയ്യാൻ തയ്യാറാകാത്തതുകൊണ്ട് വകുപ്പിന് പ്രവൃത്തി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടായത്. സമാന സ്വഭാവമുള്ള എസ്റ്റിമേറ്റുകളുള്ള പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുള്ളതും പൂർത്തീകരിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് ടെണ്ടർ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്തത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുള്ള അപാകതമൂലമല്ലായെന്ന് കാണാവുന്നതാണ്. വണ്ടാഴി ഗ്രാമപഞ്ചായത്ത് പരിധിയിലൂടെ കടന്നുപോകുന്നതും ടെണ്ടർ ചെയ്യാൻ കഴിയാതെ വന്നതുമായ മംഗലം ഡാം-വീട്ടിക്കൽ കടവ് റോഡ് നവീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടുണ്ടായിരുന്നു. എം.എൽ.എ. ഫണ്ട് മുഖാന്തരം നടപ്പിലാക്കുന്ന പ്രസ്തുത റോഡിന്റെ പ്രവൃത്തി തദ്ദേശറോഡ് വികസന പദ്ധതിയിലൂടെ ആയതിനാൽ അനുമതി നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായി. മംഗലം ഡാം-വീട്ടിക്കൽ കടവ് റോഡിന്റെയും മമ്പാട്-പൂവത്തിങ്കലട്ടി റോഡിന്റെയും അറ്റകുറ്റപ്പണികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ട് മഴക്കാലം കഴിഞ്ഞ സാഹചര്യത്തിൽ നിലവിലെ റോഡിന്റെ സ്ഥിതിയിൽ നടത്തേണ്ടതായ അറ്റകുറ്റപ്പണികൾക്ക് ഇപ്പോഴുള്ള എസ്റ്റിമേറ്റ് അപര്യാപ്തമാണ്. ആയതിനാൽ ഈ രണ്ട് റോഡുകൾക്കും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. സീപോർട്ട് എയർപോർട്ട് റോഡ്

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ നിയോജകമണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട റോഡാണ് സീപോർട്ട്-എയർപോർട്ട് റോഡ്. ആലുവ നിയോജകമണ്ഡലത്തിൽ മാത്രമല്ല, സർക്കാരിന്റെ ഒരു പ്രധാനപ്പെട്ട പദ്ധതിയായിട്ടാണ് ഇതിനെ കാണുന്നത്. സീപോർട്ട് എയർപോർട്ട് റോഡിന്റെ NAD മുതൽ മഹിളാലയം വരെയുള്ള ഏകദേശം ആറ് കിലോമീറ്റർ സ്ഥലം, അതായത് എഴുപത്തിയഞ്ച് ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടിവരും. ഈ ഭാഗത്തിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാർ 432 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചിരുന്നു. പക്ഷേ നാളിതുവരെ ഈ പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനോ നിർമ്മാണ പ്രവൃത്തിക്കോ സാധിക്കാത്ത ഒരു സാഹചര്യമാണുള്ളത്. ഈ സ്ഥലത്തെ അലൈന്മെന്റ് തീരുമാനിച്ചിട്ടും വർഷങ്ങളായി. ഈ പ്രദേശത്തെ അലൈന്മെന്റ് തീരുമാനിച്ചതിന്റെ ഭാഗമായി സ്വാഭാവികമായും പ്രദേശവാസികൾ വലിയ പ്രതിസന്ധിയിലാണ്. സർക്കാർ ഈ ഭൂമി ഏറ്റെടുക്കുന്നുമില്ല, ഇവർക്ക് ഭൂമി മറ്റൊരാൾക്ക് വിൽക്കാൻ കഴിയാത്ത സാഹചര്യവുമുണ്ട്. ഇവർ വിവരാവകാശ നിയമപ്രകാരം അന്വേഷിച്ചപ്പോൾ അങ്ങനെ വിൽക്കുന്നതിന് കുഴപ്പമില്ലെന്ന് സാങ്കേതികമായി പറഞ്ഞു. എന്നാൽ അലൈന്മെന്റുള്ള സ്ഥലം സ്വാഭാവികമായും

വാങ്ങുന്നതിനോ അല്ലെങ്കിൽ വിൽക്കുന്നതിനോ സാഹചര്യമുണ്ടാകുന്നില്ല. അതുകൊണ്ട് പ്രദേശവാസികൾ വലിയ പ്രതിസന്ധിയിലാണ് ഇപ്പോഴും മുന്നോട്ടുപോകുന്നത്. അവരുടെ മക്കളുടെ കല്ല്യാണത്തിനോ അല്ലെങ്കിൽ മറ്റുള്ള ആവശ്യങ്ങൾക്കോവേണ്ടി സ്ഥലം വിൽക്കാനോ മറ്റും ചെയ്യാൻ പറ്റാത്ത വലിയ ധർമ്മസങ്കടത്തിലാണ് ഈ ആറ് കിലോമീറ്ററിൽ താമസിക്കുന്ന പ്രദേശവാസികൾ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരന്തരമായി ഫോളോ അപ് നടത്തിയെങ്കിലും ഭൂമി ഏറ്റെടുക്കുന്ന നടപടിയിലേയ്ക്ക് പോയിട്ടില്ല. സത്യം പറഞ്ഞാൽ നാട്ടിൻപുറത്ത് പറയുന്നതുപോലെ, ചെകുത്താനും കടലിനും ഇടയിലാണ് അവിടത്തെ ജനങ്ങൾ. കാരണം ഇവർക്ക് സ്ഥലം വിൽക്കാനും കഴിയുന്നില്ല സർക്കാർ അത് ഏറ്റെടുക്കുന്നുമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി എത്രയുംവേഗം ഇതിൽ ഇടപെട്ട് ഭൂമി ഏറ്റെടുത്ത് പദ്ധതി പൂർത്തിയാക്കിയാൽ അത് മഹത്തായ കാര്യമായിരിക്കും. ഈ പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കുക, അവിടത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക അതോടൊപ്പം ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ അത് നമുക്ക് വലിയ നേട്ടമുള്ള കാര്യമാണെന്ന് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിനെ തുടർന്ന് ചൊവ്വര മുതൽ എയർപോർട്ട് വരെയുള്ള ഭൂമി ഏറ്റെടുക്കാനുണ്ട്. ഏകദേശം നാല് കിലോമീറ്ററോളം വരുന്ന ഭൂമി ഏറ്റെടുക്കുന്നതിന് ഏകദേശം 230 കോടി

രൂപയോളം വരുമെന്നാണ് കണക്കുകൂട്ടുന്നത്. അതുകൊണ്ട് ഈ ബഡ്ജറ്റിൽ തുക അനുവദിച്ച്.......(മൈക്ക് ഓഫ്).......

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട ആലുവ എം.എൽ.എ. സൂചിപ്പിച്ച എയർപോർട്ട് സീപോർട്ട് റോഡ് രണ്ടാം ഘട്ടത്തിലെ കളമശ്ശേരി എച്ച്.എം.ടി. റോഡ് മുതൽ എൻ.എ.ഡി. വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം നടന്നുവരുന്നു. എച്ച്.എം.ടി.-യുടെയും എൻ.എ.ഡി.-യുടെയും ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻ.എ.ഡി. മുതൽ മഹിളാലയം വരെയുള്ള പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകുകയും 437.28 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായുള്ള സാമൂഹിക ആഘാതപഠന റിപ്പോർട്ട് പരിശോധിച്ച സമിതിയുടെ അവലോകന റിപ്പോർട്ട് ജില്ലാ കളക്ടർ റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് Land Acquisition നടപടികൾ സ്വീകരിച്ച് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. മഹിളാലയം മുതൽ ചൊവ്വര വരെയുള്ള രണ്ട് പാലങ്ങൾ ഉൾപ്പെടെയുള്ള ഭാഗം 2017-ൽ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. ചൊവ്വര മുതൽ എയർപോർട്ടുവരെയുള്ള ഭാഗത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. മലയോര ഹൈവേ

ശ്രീ. ഒ. ആർ. കേളു: സർ, മാനന്തവാടിയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ അലൈൻമെന്റും എസ്റ്റിമേറ്റും നേരത്തെ തയ്യാറാക്കി സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതുമാണ്. അതിനുശേഷം കെ.ആർ.എഫ്.ബി.യും ചീഫ് എഞ്ചിനീയറും ചില സാങ്കേതിക കാര്യങ്ങൾ അലൈൻമെന്റിലും എസ്റ്റിമേറ്റിലും ഉണ്ടെന്ന് ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ അത്തരം കാര്യങ്ങളിൽ തിരുത്തൽ വരുത്തി വീണ്ടും സമർപ്പിച്ചെങ്കിലും ആ പദ്ധതി ടെണ്ടർ ചെയ്യാനോ തുടർനടപടികളിലേയ്ക്ക് പോകാനോ സാധിച്ചിട്ടില്ല. അത്തരം കാര്യങ്ങൾ ത്വരിതപ്പെടുത്തി പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമോ എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട മാനന്തവാടി എം.എൽ.എ, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10.07.2017-ൽ ഭരണാനുമതി നൽകിയ മലയോര ഹൈവേയെക്കുറിച്ചാണ് പറഞ്ഞത്. മലയോര ഹൈവേയിൽ വയനാട് ജില്ലയിലെ മലയോര ഹൈവേയുടെ ഒന്നാംഘട്ടം ഉൾപ്പെട്ടിരുന്നു. മൂന്ന് റീച്ചുകളായുള്ള പ്രവൃത്തിക്ക് 11.02.2020-ൽ 114.12 കോടി രൂപയുടെ

സാമ്പത്തികാനുമതി ലഭിച്ചതാണ്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി 31.12.2020-ലെ 70-ാം ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയിൽ വയ്ക്കുകയും ആ കമ്മിറ്റി എസ്റ്റിമേറ്റ് പുനർസമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. 30.03.2021-ൽ പുനർ സമർപ്പിച്ച എസ്റ്റിമേറ്റ് മൂന്ന് ഭാഗങ്ങളായി ഓരോ റീച്ചിനും ഓരോ എസ്റ്റിമേറ്റായാണ് നൽകിയിരുന്നത്. ഒറ്റ സാമ്പത്തികാനുമതി ലഭിച്ച പ്രവൃത്തി ആയതിനാൽ ഒരുമിച്ച് സാങ്കേതികാനുമതി നൽകേണ്ടതുണ്ട്. അതനുസരിച്ച് മൂന്ന് റീച്ചുകളുടെയും എസ്റ്റിമേറ്റ് ചേർത്ത് ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. ആയത് ഉടൻ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയിൽ വയ്ക്കുന്നതും കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

6. വാഗമൺ റോഡ് പുനർനിർമ്മാണം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണ് ഈരാറ്റുപേട്ട-വാഗമൺ റോഡ്. 24 കിലോമീറ്റർ ദൈർഘ്യമുള്ള ഈ റോഡ് പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മാത്രമല്ല കേരളത്തിന്റെ ടൂറിസം മാപ്പിൽ ഏറ്റവും പ്രസക്തിയുള്ള വാഗമണിലേയ്ക്കുള്ള പ്രധാനപ്പെട്ട റോഡും കൂടിയാണ്. ആ റോഡ് 1961-ൽ

അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി യശ:ശരീരനായ ഡി. ദാമോദരൻ പോറ്റി അവർകൾ ഉദ്ഘാടനം ചെയ്തതാണ്. ഞാനത് പറയാൻ കാര്യം, അതിനുശേഷം കുഴി അടയ്ക്കൽ തുടങ്ങിയുള്ള അറ്റകുറ്റപ്പണികൾ ഒഴികെ ഒരു ഇംപ്രൂവ്മെന്റും ആ റോഡിന് ഉണ്ടായിട്ടില്ല. ഇപ്പോൾ അത് ഒരു നിലയിലും ഗതാഗതയോഗ്യമല്ലാതെ അങ്ങേയറ്റം ദുഷ്കരമായ സ്ഥിതിയിലാണ്. കൊറോണ വരുന്നതിനുമുമ്പ് ടൂറിസം സീസണിൽ ഒരു മിനിട്ടിൽ ഒരു വാഹനം വച്ച് ആ റോഡുവഴി സഞ്ചരിച്ചിരുന്നതാണ്. മൂന്നും നാലും മണിക്കൂർ കൊണ്ടാണ് ഇരുപത്തിനാല് കിലോമീറ്റർ സഞ്ചരിക്കാൻ കഴിയുന്നത്. അത്രയേറെ ട്രാഫിക് ബ്ലോക്കുള്ള ഒരു റോഡാണിത്. അതിലുപരി തീക്കോയി ഗ്രാമപഞ്ചായത്തിന്റെ ഏക ഗതാഗത മാർഗ്ഗമാണ് ഈ റോഡ്. വാഗമൺ ടൗണിന്റെ ബോർഡർ വരെ തീക്കോയി ഗ്രാമപഞ്ചായത്താണ്. ആ പഞ്ചായത്തിലെ ജനങ്ങൾക്ക് ബാഹ്യലോകവുമായി ബന്ധപ്പെടാനുള്ള ഏക മാർഗ്ഗം തീക്കോയി റോഡാണ്. ഈ റോഡിന് 2017-ൽ കിഫ്ബി മുഖാന്തരം 63.99 കോടി രൂപ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നാണ് അറിയുന്നത്. തുടർന്ന് RIC (Road Infrastructure Company, Kerala)-നെ ഈ റോഡിന്റെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുമുണ്ട്. എന്നാൽ നാളിതുവരെയായിട്ടും നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെയോ കാരണങ്ങളാൽ സാധിച്ചില്ല. സാങ്കേതിക തടസ്സങ്ങളാൽ ഒരു നാടിന്റെ വികസനമാകെ തടസ്സപ്പെട്ടിരിക്കുന്ന

ദുരവസ്ഥയാണ് ആ റോഡിന്റെ കാര്യത്തിലുള്ളത്. അതുകൊണ്ട് അടിയന്തരമായി അനുവദിക്കപ്പെട്ട തുക ഉപയോഗിച്ച് ആ റോഡിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ....(മൈക്ക് ഓഫ്).......

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട പൂഞ്ഞാർ എം.എൽ.എ. ഉന്നയിച്ച ഈരാറ്റുപേട്ട - വാഗമൺ റോഡ് ബി.എം. ആൻഡ് ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 63.99 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 8.566 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതിന് 4458 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. Road Infrastructure Company Kerala Limited എന്ന സ്ഥാപനമാണ് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നത്. സ്ഥലമേറ്റെടുക്കുന്നതിന് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് ഫൈനൽ അലൈൻമെന്റ് സ്കെച്ച് 25-08-2020-ന് റവന്യൂ വകുപ്പിൽ നൽകിയിട്ടുണ്ട്. ലാന്റ് അക്വിസിഷൻ നടപടികൾ റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്നും ഈ റോഡ് വികസനത്തിനുള്ള സ്ഥലം ഏറ്റെടുത്ത് നൽകുന്നമുറയ്ക്ക് ഈ റോഡിന്റെ നിർമ്മാണപ്രവൃത്തികൾ നിർവ്വഹിക്കാവുന്നതാണ്.

7. കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡ് വികസനം

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡുമായി ബന്ധപ്പെട്ട വിഷയമാണ് എനിക്ക് ബഹുമാനപ്പെട്ട സ്പീക്കർ മുഖാന്തരം ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. എറണാകുളത്തിന്റെ മുഖമാണ് എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡ്. 1968 നവംബർ മാസം ഒന്നാം തീയതി അന്നത്തെ മുഖ്യമന്ത്രി സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടും ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ഇമ്പിച്ചിബാവയും കൂടി ഉത്ഘാടനം ചെയ്ത ബസ്റ്റ്സ്റ്റാൻഡ് കെട്ടിടമാണ് ഇന്ന് എറണാകുളത്തുള്ളത്. ആ കെട്ടിടത്തിന്റെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണ്. ചെറിയൊരു മഴ പെയ്താൽപ്പോലും ബസ്സ്റ്റാൻഡിനകത്ത് നിൽക്കാൻ സാധിക്കാത്ത അവസ്ഥയാണ്. ഗ്യാരേജിനെക്കാൾ താഴ്ന്നാണ് ബസ്സ്റ്റാൻഡ് കെട്ടിടം നിലനിൽക്കുന്നത്. കഴിഞ്ഞ 15-ാം തീയതിയുണ്ടായ മഴയിൽ ആ പ്രദേശത്ത് മുഴുവൻ പ്രളയമായിരുന്നു. അടിയന്തരമായി അക്കാര്യത്തിൽ ഇടപെടണം. നിലവിലുള്ള കെട്ടിടം ഏതുസമയത്തും നിലംപൊത്താമെന്ന അവസ്ഥയിൽ നിൽക്കുകയാണ്. ഗ്യാരേജും ബസ്സ്റ്റാൻഡും ഇരിക്കുന്ന സ്ഥലം ഏകദേശം 4.76 ഏക്കർ ഉണ്ട്. അതിനോട് ചേർന്ന് കാരിക്കാമുറി പ്രദേശത്തായി 3.56 ഏക്കർ സ്ഥലവുമുണ്ട്. ആകെ 8.32 ഏക്കർ

സ്ഥലമാണുള്ളത്. എറണാകുളം പട്ടണത്തിന്റെ ഹൃദയഭാഗത്ത് ഏറ്റവും വിലപിടിപ്പുള്ള സ്ഥലത്ത് നിലനിൽക്കുന്ന കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിന്റെ അവസ്ഥ വളരെ ദയനീയമാണ്. ഒരു ദിവസം 89 ബസ്സുകൾ അവിടെനിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. 471-ഓളം ബസ്സുകൾ ഈ സ്റ്റാൻഡിൽ വന്നുപോകുന്നുണ്ട്. 940-ഓളം ട്രിപ്പുകളുണ്ട്.

മി. സ്പീക്കർ: അങ്ങ് ചുരുക്കി സംസാരിക്കണം.

ശ്രീ. ടി. ജെ. വിനോദ്: ഏകദേശം ഇരുപത്തയ്യായിരത്തിനും മുപ്പതിനായിരത്തിനും ഇടയ്ക്കുള്ള ആളുകൾ ഈ സ്റ്റാൻഡ് ഉപയോഗിക്കുന്നു. ഈ സ്റ്റാൻഡിന്റെ ജീർണ്ണാവസ്ഥ, വളരെ ദയനീയമായി നിൽക്കുന്ന സാഹചര്യത്തിലിടപെട്ട് ആവശ്യമായ പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിന്റെ വികസനത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട എറണാകുളം എം.എൽ.എ. ഇവിടെ ഉന്നയിച്ചത്. എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡ് സ്ഥിതി ചെയ്യുന്നത് 4.77 ഏക്കർ സ്ഥലത്താണ്. അതിനോട് ചേർന്നുള്ള കാരിക്കാമുറിയിൽ 3.46 ഏക്കർ സ്ഥലവുമുണ്ട്. ഈ രണ്ട് സ്ഥലങ്ങൾക്കും നടുവിലൂടെയാണ് മുല്ലശ്ശേരി കനാൽ

കടന്നുപോകുന്നത്. ബസ്സ്റ്റാൻഡിന് ചുറ്റുമുള്ള കാനയിലേയ്ക്ക് വെള്ളം പോകാത്തതിനാൽ മഴക്കാലത്ത് വെള്ളക്കെട്ടുമൂലമുള്ള പ്രശ്നങ്ങളുണ്ടാകാറുണ്ട്. കൂടാതെ ബസ്സ്റ്റാൻഡ് കെട്ടിടം യാർഡിനെക്കാളും താഴ്ന്നിരിക്കുന്നതിനാൽ മഴക്കാലത്ത് ഇതിനുള്ളിലെത്തുന്ന വെള്ളം പുറത്തുപോകാതെ കെട്ടിനിൽക്കുന്നുമുണ്ട്. ഇത് യാത്രക്കാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നത് വസ്തുതയാണ്. എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ ഓപ്പറേഷൻ ബ്രേക്ക്ത്രൂ പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ ഇവിടത്തെ വെള്ളക്കെട്ട് പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. 2021 ജനുവരിയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ എറണാകുളം ബസ്സ്റ്റാൻഡിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പുനരുദ്ധാരണം 2021-22 സാമ്പത്തിക വർഷത്തിൽ നടത്തുമെന്ന് പരാമർശിച്ചിട്ടുണ്ട്. ആധുനിക സൗകര്യങ്ങളുള്ള ബസ്സ്റ്റാൻഡ് കാരിക്കാമുറിയിൽ സ്ഥാപിച്ച് നിലവിലുള്ള ബസ്സ്റ്റാൻഡും ഗ്യാരേജും അങ്ങോട്ടുമാറ്റി ഇപ്പോൾ ബസ്സ്റ്റാൻഡ് നിൽക്കുന്ന സ്ഥലത്ത് വാണിജ്യ സമുച്ചയം സ്ഥാപിക്കാനുള്ള പ്രാഥമിക ചർച്ചകൾ നടന്നുവരികയാണ്. കിഫ്ബി മുഖാന്തരമുള്ള ധനസഹായം, മറ്റ് സർക്കാർ സ്ഥാപനങ്ങളുമായി ചേർന്നുള്ള സംയുക്തസംരംഭം എന്നീ മാർഗ്ഗങ്ങളിലൂടെ പദ്ധതി നടപ്പാക്കാനാണ് ശ്രമിക്കുന്നത്. ബസ്സ്റ്റാന്റ് കാരിക്കാമുറിയിലേയ്ക്ക് മാറ്റുന്നതുമൂലം

റെയിൽവേ, മെട്രോറെയിൽ, ബസ്സ്റ്റാൻഡ് എന്നിവ ഒരു ഹബ്ബ് പോലെ പ്രവർത്തിക്കുന്നത് വളരെ സൗകര്യപ്രദമായിരിക്കും. എറണാകുളം സൗത്ത് - എറണാകുളം നോർത്ത് കോറിഡോറിന്റെ ഭാഗമായി റെയിൽവേ സ്റ്റേഷനിൽനിന്ന് ബസ്സ്റ്റാൻഡിലേയ്ക്കുള്ള റോഡ് വികസിപ്പിക്കുന്നത് യാത്ര കൂടുതൽ സുഗമമാക്കും. ഇതിന് ജില്ലാ ഭരണകൂടം, കൊച്ചി കോർപ്പറേഷൻ, റെയിൽവേ എന്നിവയുടെയും റവന്യൂ, ഇറിഗേഷൻ തുടങ്ങിയ വകുപ്പുകളുടെയും ഏകോപനം ആവശ്യമാണ്.

8. <u>സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാച്ചെലവ്</u>

<u>മി. സ്പീക്കർ</u>: ഇത് നേരത്തെ ചർച്ച ചെയ്ത വിഷയമായതിനാൽ സ്പെസിഫിക്കായി അങ്ങയുടെ ആവശ്യം മാത്രം ഉന്നയിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കോവിഡെന്ന മഹാമാരിക്കെതിരെ പൊരുതുന്ന കേരളത്തിലെ ആരോഗ്യ പ്രവർത്തകരെ സല്യൂട്ട് ചെയ്തുകൊണ്ട് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുകയാണ്. ഞാൻ സബ്മിഷൻ നോട്ടീസ് നൽകുമ്പോൾ പറഞ്ഞ വിഷയം സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ ചെലവ് സർക്കാർ വഹിക്കണമെന്നതായിരുന്നു. പക്ഷേ ഇപ്പോൾ എഴുതിയിട്ടുള്ളത് കോവിഡ് ആശുപത്രികളിലെ ചികിത്സാ ചെലവ് എന്ന് മാത്രമാണ്. സർക്കാർ ആശുപത്രികളിലെ സംവിധാനങ്ങൾ മതിയാകാതെ

വരുമ്പോഴാണ് പാവപ്പെട്ട രോഗികൾ സ്വകാര്യ ആശുപത്രികളിലേയ്ക്ക് പോകുന്നത്. സ്വകാര്യ ആശുപത്രികളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക, ജനറൽ വാർഡ്-2,910/- രൂപ, എച്ച്.ഡി.യു.-4175/- രൂപ, ഐ.സി.യു.-8,580/- രൂപ, ഐ.സി.യു. വിത്ത് വെന്റിലേറ്റർ 15,180/- രൂപ എന്നിങ്ങനെയാണ്. ഇത് ഒരു മാസത്തേയ്ക്കുള്ളതല്ല, ഒരു ദിവസത്തെ ചെലവാണ്. ഒരു ദിവസത്തെ ചെലവായ 15,000/- രൂപ പാവപ്പെട്ട രോഗി വഹിക്കുന്നത് എങ്ങനെയാണ്? കാസർഗോഡ് ജില്ലയിൽ സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും കോവിഡ് ചികിത്സയ്ക്ക് വേണ്ടത്ര സംവിധാനമില്ല. മംഗലാപുരത്തെ ആശുപത്രികളെയാണ് കാസർഗോഡ് ജില്ലയിലെ ജനങ്ങൾക്ക് ആശ്രയിക്കേണ്ടി വരുന്നത്. അവിടെ ഒരു ദിവസം 20,000/- രൂപയാണ് ചെലവഴിക്കേണ്ടി വരുന്നത്. പാവപ്പെട്ട രോഗികളെ സംബന്ധിച്ചിടത്തോളം ഈ ചെലവ് താങ്ങാൻ പറ്റുന്നതല്ല. കോവിഡ് മാറിക്കഴിയുമ്പോൾ കേരളത്തിൽ വീട്ടും പറമ്പുമില്ലാത്ത കുറേ ആളുകളായിരിക്കും നമ്മുടെ മുന്നിലേയ്ക്ക് വരുന്നത് എന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ടുതന്നെ ഈ ചെലവ് സർക്കാർ വഹിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഇതിനുള്ള മറുപടി വളരെ ദീർഘമായതിനാൽ ആ രീതിയിൽ പ്രസ്താവിക്കുന്നില്ല.

മി. സ്പീക്കർ: അത് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്+.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഒന്നുരണ്ട് കാര്യങ്ങൾ മാത്രം പറയാം. അതിൽ ഒന്ന്, കോവിഡ് ബാധിതരായ മുഴുവൻ രോഗികൾക്കും സൗജന്യ ചികിത്സ നൽകുക എന്നതാണ്. അതിനുവേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. ആദ്യകാലങ്ങളിൽ സർക്കാർ ആശുപത്രികളിൽ മാത്രമായിരുന്നു കോവിഡ് ചികിത്സയുണ്ടായിരുന്നത്. എന്നാൽ രോഗികളുടെ എണ്ണം കൂടുമെന്നുള്ള വിദഗ്ദ്ധരുടെ അഭിപ്രായത്തെത്തുടർന്ന് സ്വകാര്യമേഖലയിലെ സൗകര്യങ്ങൾ കൂടി പ്രയോജനപ്പെടുത്താൻ ശ്രമിച്ചു. അതിന്റെ ഫലമായി 06-07-2020-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന കാസ്പ് ആനുകൂല്യത്തിന് അർഹരായവരും സർക്കാർ റഫർ ചെയ്യുന്നതുമായ കോവിഡ് രോഗികൾക്ക് കോവിഡ് 19 ചികിത്സയ്ക്കായി ഒരു നിരക്ക് നിജപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഇരുന്നൂറ്റി അറുപത്തിമൂന്നോളം സ്വകാര്യ ആശുപത്രികളെയാണ് എംപാനൽ ചെയ്തത്. ഇതുവരെ 132.61 കോടി രൂപയാണ് സർക്കാർ കോവിഡ്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

രോഗികൾക്കുവേണ്ടി, സ്വകാര്യ ആശുപത്രിയിൽ ഈ രീതിയിൽ വന്ന് ചികിത്സ തേടുന്നവർക്കുവേണ്ടി ചെലവഴിച്ചിട്ടുള്ളത്. ഇതുകൂടാതെ സർക്കാരിലൂടെയല്ലാതെ സ്വകാര്യ ആശുപത്രികളിലെത്തുന്ന രോഗികളുടെ ചികിത്സാനിരക്ക് നിജപ്പെടുത്തുന്നതിനും ഗവൺമെന്റ് ഉത്തരവിലൂടെ സർക്കാർ ശ്രമിച്ചിട്ടുണ്ട്. ഇത്തരത്തിൽ ചികിത്സനേടുന്നവർക്ക് ഇതുസംബന്ധിച്ച് പരാതിയുണ്ടെങ്കിൽ അതിനൊരു പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ആക്ട് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറാണ് ജില്ലാ പരാതി പരിഹാര ഓഫീസർ. അതുകൂടാതെ ഒരു സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റിയേയും രൂപീകരിച്ചിട്ടുണ്ട്. അവിടെയും പരാതിപ്പെടാവുന്നതാണ്.

അനുബന്ധം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 904-ാം ചട്ട പ്രകാരം ശ്രീ. എൻ. എ. നെല്ലിക്കുന്ന്. എം. എൽ. എ -യ്ക്ക് അനുവദിച്ച സബ്മിഷന് ശ്രീമതി വീണാ ജോർജ്ജ് നൽകിയ മറുപടി.

കേരളത്തിൽ കോവിഡ് ബാധിതരായ മുഴുവൻ രോഗികൾക്കും സൗജന്യ ചികിത്സ നൽകുകയെന്നത് സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യകാലങ്ങളിൽ സർക്കാർ ആശുപത്രികളിൽ മാത്രമായിരുന്നു കോവിഡ് ചികിത്സ ക്രമീകരിച്ചിരുന്നത്.

എന്നാൽ കോവിഡ് രോഗികളുടെ എണ്ണം വർദ്ധിക്കാൻ ഇടയുണ്ടെന്ന വിദഗ്ദ്ധരുടെ അഭിപ്രായത്തെത്തുടർന്ന് സർക്കാരിന്റെ കീഴിലുള്ളതും സ്വകാര്യ മേഖലയിലുള്ളതുമായ ആശുപത്രി സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കോവിഡ് രോഗികൾക്ക് സൗജന്യമായി ഏറ്റവും മികച്ച ചികിത്സ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സർക്കാർ ദ്രുതഗതിയിൽ തുടർനടപടികൾ സ്വീകരിച്ചു. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) സ്വകാര്യ ആശുപത്രികളെക്കൂടി കോവിഡ്

പ്രവർത്തനത്തിൽ പങ്കാളികളാക്കാൻവേണ്ടി നടപടിക്രമങ്ങൾ ആരംഭിച്ചു. ഇതിനായി സർക്കാർ സ്വകാര്യ ആശുപത്രി പ്രതിനിധികളുമായി നിരവധി കൂടിയാലോചനാ യോഗങ്ങൾ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യപ്പെടുന്ന കോവിഡ് രോഗികൾക്ക് ചികിത്സാ സൗജന്യം ഉറപ്പുവരുത്തുന്നതിനായി കോവിഡ്-19 ചികിത്സാ പാക്കേജ് നിരക്ക് നിജപ്പെടുത്തുന്നതിനായി സാധിച്ചു. ഇതിന്റെ ഫലമായി സർക്കാർ ആശുപത്രികളിൽ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം ഉണ്ടാകുന്ന തിരക്ക് ഒരളവുവരെ കുറച്ചുകൊണ്ടുവരാൻ സാധിച്ചു.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് 2.0 പരിഷ്കരിക്കുന്നതിനായും 'ഇൻഫെക്ഷ്യസ് ഡിസീസസ്' എന്ന സ്പെഷ്യാലിറ്റി ഉൾപ്പെടുത്തുന്നതിനായും - SHA എക്സിക്യൂട്ടീവ് ഡയറക്ടർ നാഷണൽ ഹെൽത്ത് അതോറിറ്റിയോട് (NHA) ആവശ്യപ്പെട്ടു. ഇതിന്റെ ഭാഗമായി KASP ട്രാൻസാക്ഷൻ മാനേജ്മെന്റ് സിസ്റ്റത്തിലും മാറ്റങ്ങൾ വരുത്തുകയുണ്ടായി.

06-07-2020-ലെ G.O.(Rt) No.1246/2020/H&FWD പ്രകാരം സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന കാസ്പ് ആനുകൂല്യത്തിന് അർഹരായവരും സർക്കാർ റഫർ ചെയ്യുന്നതുമായ രോഗികൾക്ക് കോവിഡ് 19 ചികിത്സയ്ക്കായി നിജപ്പെടുത്തിയ നിരക്ക് താഴെപ്പറയും പ്രകാരമാണ്.

ജനറൽ വാർഡ്	2,300
എച്ച്.ഡി.യു.	3,300
ഐ.സി.യു. വെന്റിലേറ്റർ ഇല്ലാതെ	6,500
വെന്റിലേറ്റർ ഐ.സി.യു.	11,500

കോവിഡ്-19 പരിശോധന നടത്തുന്നതിനായി നിലവിൽ നിജപ്പെടുത്തിയ നിരക്ക് താഴെപ്പറയും പ്രകാരമാണ്.

ആർ.ടി.പി.സി.ആർ. ടെസ്റ്റ്	600
ആന്റിജൻ ടെസ്റ്റ്	300
ട്രൂനാറ്റ് ടെസ്റ്റ്	1500
GeneXpert	2500

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി 263-ഓളം സ്വകാര്യ ആശുപത്രികളെ കോവിഡ് ചികിത്സയ്ക്ക് മാത്രമായി എംപാനൽ ചെയ്തു. ഈ

ആശുപത്രികളിലായി 12852 കിടക്കകൾ കോവിഡ് -19 ചികിത്സയ്ക്ക് മാത്രമായി കണ്ടെത്തി. കൂടാതെ 2094 ഐ.സി.യു. കിടക്കകളും 1035 വെന്റിലേറ്ററുകളും കോവിഡ് രോഗികൾക്ക് മാത്രമായി കണ്ടെത്തിയിട്ടുണ്ട്. നാളിതുവരെ സ്വകാര്യ ആശുപത്രിയിൽനിന്ന് കോവിഡ് ചികിത്സ നൽകിയ രോഗികളുടെ ആകെ എണ്ണം 49365 ആണ്. ഈയിനത്തിൽ 132.61 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

കോവിഡിന്റെ രണ്ടാം തരംഗത്തിൽ കേരളത്തിൽ പ്രതിദിന രോഗികളുടെ എണ്ണം 420000 വരെ ഉയരുകയുണ്ടായി. സ്വകാര്യ ആശുപത്രികളിൽ ചികിത്സക്കായി നേരിട്ടെത്തുന്ന കോവിഡ് രോഗികളിൽനിന്ന് അനിയന്ത്രിതമായ ചികിത്സാനിരക്ക് ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത്തരം രോഗികളിൽനിന്ന് ഈടാക്കുന്ന ചികിത്സാനിരക്ക് നിജപ്പെടുത്തുന്നതിനായി സ്വകാര്യ ആശുപത്രി മാനേജ്മെന്റുകളുമായി പലയാവർത്തി കൂടിയാലോചന നടത്തി ചികിത്സാനിരക്ക് നിജപ്പെടുത്തി 10/05/2021-ലെ GO (Rt) No.1066/2021/H & FWD പ്രകാരം ഉത്തരവിറക്കി.

നിജപ്പെടുത്തിയ നിരക്ക് താഴെപ്പറയും പ്രകാരമാണ്.

എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിച്ച ആശുപത്രികളിലെ നിരക്ക്	എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിക്കാത്ത ആശുപത്രികളിലെ നിരക്ക്
ജനറൽ വാർഡ് - Rs. 2,910/-	ജനറൽ വാർഡ് - Rs. 2,645/-
എച്ച്.ഡി.യു. - Rs. 4,175/-	എച്ച്.ഡി.യു. - Rs. 3,795/-
ഐ.സി.യു. - Rs. 8,580/-	ഐ.സി.യു. - Rs. 7,800/-
വെന്റിലേറ്റർ ഐ.സി.യു.- Rs. 15,180/-	വെന്റിലേറ്റർ ഐ.സി.യു. -Rs.13,800/-

മേൽപ്പറഞ്ഞ ഉത്തരവിന് വിഭിന്നമായി ചികിത്സാനിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പരാതി നൽകുന്നതിനായി പരാതി പരിഹാര സംവിധാനം ഏർപ്പാടാക്കി. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ആക്ട് 2018 സെക്ഷൻ 14 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറാണ് ജില്ലാ പരാതി പരിഹാര ഓഫീസർ. പരാതികൾ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നേരിട്ട് സമർപ്പിക്കാവുന്നതാണ്. ജില്ലാ മെഡിക്കൽ ഓഫീസർ ഏതെങ്കിലും സ്വകാര്യ ആശുപത്രി, അമിത ചാർജ് ഈടാക്കുന്നതായി കണ്ടെത്തിയാൽ അമിത ചാർജ് ഈടാക്കിയ സ്ഥാപനത്തിൽനിന്നും എത്ര തുകയാണോ അമിത ചാർജ് ഈടാക്കിയത് അതിന്റെ പത്ത് മടങ്ങ് തുക പിഴയായി ഈടാക്കുന്നതാണ്. ഇതുകൂടാതെ

പരാതി പരിഹാരത്തിനായി 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് രജിസ്ട്രേഷൻ & റഗുലേഷൻ) ആക്ട് സെക്ഷൻ 36, 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ചട്ടങ്ങൾ ചട്ടം 30 പ്രകാരം സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ പരാതിപരിഹാര സംവിധാനത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി കേരളത്തിലെ വിവിധ പത്രമാധ്യമങ്ങളിൽ പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്.

****